"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കുടുംബശ്രീ മിഷൻ ഓഫീസുകളിലേക്ക് ലാപ്ടോപ്പ്, ടാബ്ലെറ്റ് എന്നിവ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.629/2026/LSGD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:- പരാമർശം: കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.01.2026 ലെ KSHO/2509/2024-C (1) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കുടുംബശ്രീ മിഷൻ ഓഫീസുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കും പദ്ധതി നിർവ്വഹണത്തിനും ഫീൽഡ് തലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കുടുംബശ്രീ ഓഫീസുകളിലേക്ക് 96 ലാപ്ടോപ്പുകളുടെയും പി.ആർ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ടാബ്ലെറ്റിന്റെയും ആവശ്യകത ഉണ്ട് എന്നും ഇതിന്റെ സാങ്കേതിക വശങ്ങൾ പരിശോധിക്കുന്നതിനായി ഐ.ടി മിഷൻ പ്രതിനിധി ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി യോഗം ചേരുകയും ആവശ്യമായ ഉപകരണങ്ങളുടെ സാങ്കേതിക മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട് എന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.പ്രസ്തുത ഉപകരണങ്ങളുടെ ആകെ വില ഏകദേശം 41.17 ലക്ഷം രൂപ (96 laptop - 40.32 Lakh + 1 Tablet - 0.85 Lakh) ആണെന്ന് 24.12.2025-ൽ ചേർന്ന പർച്ചേസ് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട് എന്നും അതിനാവശ്യമായ തുക 2025-26 വർഷത്തെ എൻ.ആർ.എൽ.എം വാർഷിക കർമ്മ പദ്ധതിയിലെ എം.ഐ.എസ് 04 Procurement of System ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ കുടുംബശ്രീ മിഷൻ ഓഫീസുകളിലേക്ക് ലാപ്ടോപ്പ്, ടാബ്ലെറ്റ് എന്നിവ വാങ്ങുന്നതിനായി അനുമതി ലഭ്യമാക്കണമെന്നും പരാമർശം കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 24.12.2025 ന് ചേർന്ന പർച്ചേസ് കമ്മിറ്റി ശിപാർശ പരിഗണിച്ച് 25.11.2025 ലെ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള 96 ലാപ്ടോപ്പും 1 ടാബ്ലെറ്റും ടെക്നിക്കൽ കമ്മിറ്റി ശിപാർശ ചെയ്തത് പ്രകാരം GeM bid മുഖേന പർച്ചേസ്

ചെയ്യുന്നതിനും അതിനാവശ്യമായ തുക എൻ.ആർ.എൽ.എം പദ്ധതിയിലെ എം.ഐ.എസ് **04 Purchase of System** ശീർഷകത്തിൽ വകയിരുത്തി **2501-06-198-48-04** ഹെഡ് ഓഫ് അക്കൌണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 09-03-2026 10:39:23
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി